"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: സി2/3721/12

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 25/04/2013

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- തിരുവനന്തപുരം-ട്രെയിനിംഗ് മാന്വൽ പ്രകാരം യോഗ്യതയുള്ള വരെ പ്രിൻസിപ്പാളായി നിയമിക്കുന്നത്- സംബന്ധിച്ച്:-

സൂചന:- ഇല്ല.

നാഷണൽ കൗൺസിൽ ഫോർ വോക്കേഷണൽ ട്രെയിനിംഗ് സ്കീമിന്റെ ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള ട്രേഡുകളിലും യൂണിറ്റുകളിലും എൻ.സി.വി.റ്റി അഫിലിയേഷനോടു കൂടി പരിശീലനം നൽകി വരുന്ന ചില സ്വകാര്യ ഐ.ടി.ഐകളിൽ നിശ്ചിത യോഗ്യതയോ പ്രവൃത്തി പരിചയമോ ഇല്ലാത്ത ജീവനക്കാരെയാണ് പ്രിൻസിപ്പാൾമാരായി നിയമിച്ചിരിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ച ട്രേഡുകളിലും യൂണിറ്റുകളിലും എൻ.സി.വി.റ്റി /ഡി.ജി.ഇ.റ്റി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പരിശീലനാർത്ഥികൾക്ക് കാര്യക്ഷമമായ പരിശീലനം നൽകുന്നതിനുള്ള ഭരണ നിർവ്വഹണത്തിന് ഡി.ജി.ഇ.റ്റി, മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ളവരെ പ്രിൻസിപ്പാൾമാരായി നിയമിക്കേണ്ടതുണ്ട്. ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ശാഖയിൽ ഡിഗ്രിയും അഞ്ചു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഡിപ്ലോമയും എട്ടു വർഷത്തെ പ്രവൃത്തി പരിചയവുമാണ് പ്രിൻസിപ്പാൾ നിയമനത്തിനുള്ള യോഗ്യതയായി ഡി.ജി.ഇ.റ്റി നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടി യോഗ്യതയുള്ളവരെ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ഐ.ടി.ഐകളിലും നിയമിക്കേണ്ടതാണ്. നിലവിൽ ഈ യോഗ്യതഇല്ലാത്തവർ പ്രിൻസിപ്പാൾമാരായി സേവനം അനുഷ്ടിക്കുന്നുണ്ടെങ്കിൽ അവർക്ക് പകരം ഡി.ജിഇ.റ്റി നിഷ്കർഷിക്കുന്ന പ്രകാരം യോഗ്യതയുള്ളവരെ പ്രിൻസിപ്പാൾമാരായി നിയമിച്ച്, നിയമന ഉത്തരവ് , യോഗ്യത, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്

എന്നിവയുടെ പകർപ്പുകൾ സഹിതം ബന്ധപ്പെട്ട ട്രെയിനിംഗ് ഇൻസ്പെക്ടറേയും ട്രെയിനിംഗ് ഡയറക്ടറേയും 22/05/13 തീയതിയ്ക്കകം അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

**പകർപ്പ്:-**

1. എല്ലാ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (നോഡൽ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖേന)
2. എല്ലാ നോഡൽ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (ചുറ്ററിയിപ്പിന്റെ പകർപ്പ് താങ്കളുടെ അധികാര പരിധിയിൽ വരുന്ന ജില്ലയിലെ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും അയച്ചു കൊടുക്കേണ്ടതാണ്)
3. എല്ലാ ട്രെയിനിംഗ് ഇൻസ്പെടർമാർക്കും ( താങ്കളുടെ അധികാര പരിധിയിൽ വരുന്ന ജില്ലയിലെ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് 28/05/13 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.)
4. ട്രെയിനിംഗ് ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഉദ്യോഗസ്ഥൻമാർക്കും
5. ജെ.എസ്സ്(സി)
6. ഡയറക്ടറുടെ സി.എ
7. അഡീഷണൽ ഡയറക്ടറുടെ സി.എ
8. www.det.kerala.gov.in
9. കരുതൽ ഫയൽ (സി2)

A-27-4-13